ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE : 23.06.2026** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. രണ്ടാം ഘട്ട പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്തു. അഞ്ചു മലയാളികൾ ഉൾപ്പെടെ 65 പേർ പുരസ്കാരം ഏറ്റുവാങ്ങി.

   **President Draupadi Murmu presented the second batch of Padma Awards. 65 people, including five Malayalis, received the awards.**

2. വരും ദശാബ്ദങ്ങളിലെ ഭരണപരമായ ഓരോ തീരുമാനവും 'വികസിത ഭാരതം' എന്ന ലക്ഷ്യം കെട്ടിപ്പടുക്കുന്നതിനായിരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has said that every administrative decision in the coming decades should be towards building the goal of 'Developed India'.**

3. താങ്ങ് വിലയുടെ ആനുകൂല്യം കർഷകരിൽ നേരിട്ടെത്തുന്നതിന് ഇടനിലക്കാരെ ഒഴിവാക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. നാഫെഡിന്റെ ലേല പോർട്ടൽ അദ്ദേഹം ഉദ്ഘാടനം ചെയ്തു.

   **Union Home Minister Amit Shah has said that middlemen should be eliminated so that the benefit of support price reaches farmers directly. He inaugurated the auction portal of NAFED.**

4. അമേരിക്ക-ഇറാൻ ധാരണാപത്രത്തെ സ്വാഗതം ചെയ്ത് ഇന്ത്യ. ഹോർമൂസ് തുറക്കുന്നത് ആഗോള ഊർജ സുരക്ഷ ഉറപ്പാക്കുമെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ.

   **India welcomes US-Iran MoU. Opening of Hormuz will ensure global energy security, says National Security Advisor Ajit Doval.**

5. ഇന്ത്യൻ കായികരംഗത്തിന് കേരളം നൽകിയ സംഭാവനകൾ ഐതിഹാസികമെന്ന് കേന്ദ്ര കായികമന്ത്രി മൻസുഖ് മാണ്ഡവ്യ.

Union Sports Minister Mansukh Mandaviya says Kerala's contribution to Indian sports is legendary.

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി പോർച്ചുഗൽ-ഉസ്ബക്കിസ്ഥാനെ നേരിടും.

In FIFA world cup Portugal to play with Uzbekistan tonight.

************************************

## PADMA AWARD

രാഷ്ട്രപതി ഭവനിൽ 2026-ലെ രണ്ടാമത് പത്മ പുരസ്കാര സമർപ്പണ ചടങ്ങിൽ വിവിധ മേഖലകളിൽ നിസ്തുല സംഭാവനകൾ നൽകിയ പ്രമുഖർക്ക് രാഷ്ട്രപതി ദ്രൗപദി മുർമു പുരസ്കാരങ്ങൾ സമ്മാനിച്ചു. കേരളത്തിൽ നിന്നും അഞ്ചു പേരാണ് രണ്ടാം ഘട്ടത്തിൽ രാഷ്ട്രപതിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങിയത്. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ. ടി. തോമസ്, മുതിർന്ന മാധ്യമ പ്രവർത്തകൻ പി. നാരായണൻ എന്നിവരെയാണ് പത്മവിഭൂഷൺ നൽകി ആദരിച്ചത്. നടൻ മമ്മൂട്ടിയും എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനും പത്മഭൂഷണും നർത്തകി കലാമണ്ഡലം വിമല മേനോൻ പത്മശ്രീ പുരസ്കാരവും ഏറ്റുവാങ്ങി. ഈ വർഷം നൂറ്റി മുപ്പത്തി ഒന്ന് പത്മാ പുരസ്കാരങ്ങളാണ് പ്രഖ്യാപിച്ചത്.

*********************************

## PM : NAGRIK DEVO BHAVA

വരും ദശാബ്ദങ്ങളിലെ ഓരോ ഭരണപരമായ തീരുമാനവും 'വികസിത ഭാരതം' എന്ന ലക്ഷ്യം കെട്ടിപ്പടുക്കുന്നതിനായിരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പുതിയ ഐ.എ.എസ് ബാച്ചിന്റെ 40

ശതമാനത്തിലധികം വനിതാ ഓഫീസർമാരാണ് എന്നത് രാഷ്ട്രനിർമ്മാണത്തിൽ സ്ത്രീകളുടെ വർദ്ധിച്ചുവരുന്ന പങ്കിനെയാണ് കാണിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വിവിധ മന്ത്രാലയങ്ങളിലും വകുപ്പുകളിലും അസിസ്റ്റന്റ് സെക്രട്ടറിമാരായി നിയമിതരായ 2024 ബാച്ചിലെ 183 ഐ.എ.എസ് ട്രെയിനികളുമായി ന്യൂഡൽഹിയിൽ സംവദിക്കുകയായിരുന്നു പ്രധാനമന്ത്രി. ഭരണത്തിന്റെ കേന്ദ്രബിന്ദുവായി ജനങ്ങളെ പ്രതിഷ്ഠിക്കാൻ യുവ സിവിൽ സർവീസ് ഉദ്യോഗസ്ഥരോട് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. ആത്മനിർഭർ ഭാരത്, മേക്ക് ഇൻ ഇന്ത്യ, ഉൽപാദന മേഖലയിലെ വളർച്ച, ഊർജ്ജ സുരക്ഷ, യുവാക്കൾക്ക് അവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയ്ക്കാണ് ഇന്ത്യ ഇന്ന് മുൻഗണന നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. വകുപ്പുകൾ തമ്മിലുള്ള ശക്തമായ ഏകോപനം ശാശ്വതമായ ഫലങ്ങൾ ഉണ്ടാക്കാൻ അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

********************************

## SHA - NAFED

താങ്ങ് വിലയുടെ ആനുകൂല്യം കർഷകരിൽ നേരിട്ടെത്തുന്നതിന് ഇടനിലക്കാരെ ഒഴിവാക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. നാഫെഡ് പുരോഗതിയുടെ പാതയിലാണ്. 12 വർഷം മുമ്പ് സാമ്പത്തിക പ്രയാസങ്ങൾ അലട്ടിയിരുന്ന നാഫെഡ് ഇന്ന് 74 ലക്ഷം കർഷകർക്ക് സേവനം നൽകുന്നുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഇപ്പോൾ 500 കോടിയുടെ ലാഭത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ന്യൂഡൽഹിയിൽ നാഫെഡിന്റെ ലേല പോർട്ടൽ nafed.in ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ശ്രീ അമിത് ഷാ.

********************************

## NAFED - SHIVRAJ SINGH CHOUHAN

രാജ്യത്ത് കാർഷിക വിളകളുടെ ഉത്പാദനം കഴിഞ്ഞ ദശകത്തിൽ വലിയ തോതിൽ വർദ്ധിച്ചെന്ന് ചടങ്ങിൽ സംസാരിക്കവെ കൃഷി-കർഷകക്ഷേമ വകുപ്പ് മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി സംഭരണം, കർഷക സൗഹൃദവും സുതാര്യവുമാക്കിയ നാഫെഡിന്റെയും നാഷണൽ കോപറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷന്റെയും ഉദ്യോഗസ്ഥരെയും മന്ത്രി അഭിനന്ദിച്ചു. nafed.in പോർട്ടലിലൂടെ കർഷകർക്ക് 48 മണിക്കൂറിനുള്ളിൽ ഉത്പന്നങ്ങളുടെ വില അവരുടെ ബാങ്ക് അക്കൗണ്ടിലെത്തുമെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

*********************************

## NSA BRICS (INTRO)

അമേരിക്ക-ഇറാൻ ധാരണാപത്രത്തെ സ്വാഗതം ചെയ്ത് ഇന്ത്യ. ന്യൂഡൽഹിയിൽ നടന്ന പതിനാറാമത് ബ്രിക്സ് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ യോഗത്തെ അഭിസംബോധന ചെയ്യവെയാണ് ഇന്ത്യൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ നിലപാട് വ്യക്തമാക്കിയത്. ഹോർമുസ് കടലിടുക്ക് തുറക്കുന്നതിനെ സ്വാഗതം ചെയ്ത അദ്ദേഹം, മേഖലയിലെ സുഗമമായ കപ്പൽ ഗതാഗതം സാമ്പത്തിക പുരോഗതിക്ക് വഴിവെക്കുമെന്ന് അഭിപ്രായപ്പെട്ടു. ആഗോള ഊർജ്ജ സുരക്ഷയും ഉറപ്പാകും. അത്യാധുനിക സാങ്കേതികവിദ്യകളുടെ ദുരുപയോഗം, തീവ്രവാദത്തിന്റെ പുതിയ രൂപങ്ങൾ, ഡിജിറ്റൽ ലോകത്തെ സൈബർ ഭീഷണികൾ എന്നിവ നേരിടാൻ കൂട്ടായ ശ്രദ്ധ ആവശ്യമാണെന്ന് വ്യക്തമാക്കി.

(ഹോൾഡ്)

********************************

## MEA-BRIEFING

ഇറാനും അമേരിക്കയും തമ്മിൽ ധാരണാപത്രം ഒപ്പുവച്ച ശേഷം ഇന്ത്യയിലേക്കുള്ള 11 കപ്പലുകൾ ഹോർമുസ് കടന്നുവെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ. ഇന്ത്യൻ പതാക വഹിക്കുന്ന 10 കപ്പലുകൾ പേർഷ്യൻ ഗൾഫ് മേഖലയിൽ ഇപ്പോഴുണ്ട്. ഖത്തറിൽ കഴിഞ്ഞ ദിവസമുണ്ടായ പൊട്ടിത്തെറിയിൽ 12 ഇന്ത്യക്കാർ കൊല്ലപ്പെട്ടെന്ന് അദ്ദേഹം പറഞ്ഞു. പരിക്കേറ്റ 66 പേർ ചികിത്സയിലാണെന്നും മൃതദേഹങ്ങൾ ഇന്ത്യയിലെത്തിക്കാൻ നടപടികൾ പുരോഗമിക്കുന്നതായും അദ്ദേഹം അറിയിച്ചു.

********************************

## MEA BRIEFING - POK (INTRO)

പാക് അധീന കശ്മീരിലെ അശാന്തിക്ക് കാരണം ഇന്ത്യയാണെന്ന പാകിസ്ഥാൻ പ്രതിരോധ മന്ത്രി ഖ്വാജ മുഹമ്മദ് ആസിഫിന്റെ ആരോപണം തള്ളി ഇന്ത്യ. സ്വന്തം പരാജയങ്ങൾ മറച്ചുവെക്കാനും മനുഷ്യാവകാശ ലംഘനങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനുമുള്ള പാകിസ്ഥാന്റെ ശ്രമമാണിതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. പാകിസ്ഥാന്റെ അടിസ്ഥാനരഹിതമായ ആരോപണങ്ങളെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുന്നതായി അദ്ദേഹം പറഞ്ഞു.

(വോയ്സ്)

********************************

## FUN RUN - MANDAVIYA

2026-ലെ ഐച്ചി-നഗോയ ഏഷ്യൻ ഗെയിംസിൽ ഇന്ത്യ ചരിത്രം കുറിക്കുമെന്നും കേരളത്തിൽ നിന്നുള്ള കായികതാരങ്ങൾ അതിൽ നിർണായക പങ്കുവഹിക്കുമെന്നും കേന്ദ്ര കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ. ഇന്ത്യൻ കായികരംഗത്തിന് കേരളം നൽകിയ സംഭാവനകൾ ഐതിഹാസികമെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര ഒളിമ്പിക് ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ഏഷ്യൻ ഗെയിംസ് ഫൺ റൺ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കാൻ ഇന്ത്യ പ്രാപ്തമാണെന്ന് ലോകത്തിന് കാണിച്ചുകൊടുക്കേണ്ട സമയമാണിതെന്ന് ചടങ്ങിൽ സംസാരിച്ച ഗവർണർ ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പറഞ്ഞു.

*******************************

## SHA - SYAMA PRASAD MUKHARJEE

ജമ്മു കശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന ഭരണഘടനയുടെ അനുച്ഛേദം 370 അസാധുവാക്കിയതോടെ ഡോ ശ്യാമപ്രസാദ് മുഖർജിയുടെ കാഴ്ചപ്പാട് സാക്ഷാത്കരിച്ചുവെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ശ്യാമപ്രസാദ് മുഖർജിയുടെ സംഭാവനകൾ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കാൻ സഹായകമായതായും അദ്ദേഹം പറഞ്ഞു. ചരമവാർഷിക ദിനത്തിൽ ശ്യാമപ്രസാദ് മുഖർജിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് സംസാരിക്കുകായിരുന്നു ശ്രീ അമിത് ഷാ.

*******************************

## NTA- CUET 2026 RESULT

ദേശീയ പരീക്ഷാ ഏജൻസി നടത്തിയ കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് - CUET UG ഫലം പ്രഖ്യാപിച്ചു. CUET ഔദ്യോഗിക വെബ്സൈറ്റ് വഴി ഫലം പരിശോധിക്കാവുന്നതാണ്. 11 ലക്ഷത്തിലധികം പേർ എഴുതിയ പരീക്ഷ രാജ്യത്തും വിദേശത്തുമായി 321 കേന്ദ്രങ്ങളിലായി മെയ് 11 മുതൽ 31 വരെ തീയതികളിലാണ് നടന്നത്.

*******************************

## FIFA WORLD CUP

പുരുഷ ലോകകപ്പ് ഫുട്ബോളിൽ ഇന്ത്യൻ സമയം ഇന്ന് രാത്രി 10.30 ന് നടക്കുന്ന മത്സരത്തിൽ പോർച്ചുഗൽ-ഉസ്ബക്കിസ്ഥാനെ നേരിടും. വെളുപ്പിന് 1.30 ന് ഇംഗ്ലണ്ട്-ഘാനയെയും 4.30 നുള്ള മത്സരത്തിൽ പനാമ-ക്രൊയേഷ്യയുമായും ഏറ്റുമുട്ടും. നാളെ രാവിലെ 7.30 ന് കൊളംബിയയും കോംഗോയും തമ്മിലുള്ള മത്സരം നടക്കും.

*******************************

## OPERATION MONSOON (INTRO)

മഴക്കാലത്തോടനുബന്ധിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി "ഓപ്പറേഷൻ മൺസൂൺ" പദ്ധതിയുമായി ഭക്ഷ്യസുരക്ഷ വകുപ്പ്. തൃശൂർ ജില്ലയിൽ നടത്തിയ വ്യാപക പരിശോധനയിൽ പഴകിയ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചു.

**ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

*******************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 135-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 26 വരെ MY GOV, NaMo App, 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ എന്നിവയിലൂടെ അറിയിക്കാം.

*********************************

## SUNNY JOSEPH - ASSEMBLY

കേരളത്തിൽ വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനത്തിൽ 150.63 മെഗാവാട്ടിന്റെ വർധന ഉണ്ടായിട്ടുണ്ടെന്നു മന്ത്രി സണ്ണി ജോസഫ്. മഴയുടെ ലഭ്യതക്കുറവ്, എൽനിനോ പ്രതിഭാസം എന്നിവ മൂലം വൈദ്യുതി ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്.

*

**************

**************************************************